റഫീഖുർറഹ്മാൻ മൂഴിക്കൽ

# കുറ്റങ്ങൾ മായ്ക്കുന്ന ദാനധർമം

قَالَ رَسُولُ اللهِ ﷺ لاَ حَسَدَ إِلاَّ فِي إِثْنَيْنِ : رَجُلٌ آتَاهُ اللهُ الْقُرْآنَ فَهُوَ يَقُومُ بِهِ آنَاءَ اللَّيْلِ وَالنَّهَارِ وَرَجُلٌ آتَاهُ اللهُ مَالاً فَهُوَ يُنْفِقُهُ آنَاءَ اللَّيْلِ وَالنَّهَارِ

പ്രവാചകൻ(സ) പറഞ്ഞു: അല്ലാഹു ഖുർആൻ(പഠനം) നൽകി അനുഗ്രഹിക്കുകയും രാപകലുകൾ അത് പാരായണം ചെയ്തു നമസ്കരിക്കുകയും ചെയ്യുന്ന ഒരാൾ. അല്ലാഹു നൽകിയ സമ്പാദ്യം രാപകൽ ചെലവഴിച്ചുകൊണ്ടിരിക്കുന്ന മറ്റൊരാൾ. ഈ രണ്ട് പേരോടല്ലാതെ(അവരെപോലെയാവാൻ) അസൂയ അനുവദനീയമല്ല. (ബുഖാരി, മുസ്ലിം).

ഉദാരത മഹനീയമായൊരു ഗുണമാണ്. പണം ചെലവിട്ട്, സമയം നൽകി, നല്ലത് കേട്ട്, പുഞ്ചിരി നൽകി, കാരുണ്യം പകർന്ന്, വഴിയിലെ ഉപദ്രവങ്ങൾ നീക്കി ഉദാരനാവാൻ മനസ്സ് വെക്കുന്ന ആർക്കും കഴിയും. ഈ എല്ലാ ഉദാരതകളുമാണ് സ്വദഖ അഥവാ ദാനധർമം. ഇതിലെ സമ്പത്തു ചെലവഴിക്കുകയെന്ന ദാനധർമത്തെപറ്റിയാണ് മേൽകൊടുത്ത ഹദീസ്. ഖുർആൻ പഠിച്ച് ജീവിതത്തിൽ പകർത്തുന്നത് പോലെ പുണ്യകരവും പ്രതിഫലാർഹവുമാണ് പണമുള്ളവർ അത് ചെലവഴിക്കുക എന്നതും. ഖുർആൻ പഠനവും ദാനധർമവും തുല്യ അളവിൽ പുണ്യകരം എന്നൊരു സൂചനയും ഹദീസിൽനിന്ന് ലഭിക്കുന്നു ്.

ദാനധർമത്തിന് നിരവധി ശ്രേഷ്ഠതകളു്. അല്ലാഹുവിന്റെ കോപം കെടുത്തികളയുന്നതാണ് അത്(ത്വബറാനി). വെള്ളം തീയെ അണച്ചുകളയും പോലെ തെറ്റുകളെ ദാനം മായ്ച്ചുകളയും(തിർമിദി). ഒരു കാരക്ക ചീന്തെങ്കിലും ദാനം നൽകി നരകത്തെ കാക്കുക എന്ന് മറ്റൊരു നബിവചനം. ദാനധർമം ചെയ്യുന്നയാൾ അന്ത്യദിനത്തിൽ അയാളുടെ സ്വദഖയുടെ തണലിലാണുാവുക (ഹാകിം, ഇബ്നു ഹിബ്ബാൻ, അഹ്മദ്). വലതുകൈ നൽകുന്നതു ഇടതുകൈ അറിയാത്ത വിധം രഹസ്യമായി ദാനം ചെയ്യുന്നവരെ പരലോകത്ത് ദൈവിക തണൽ ലഭിക്കുന്ന ഏഴ് വിഭാഗങ്ങളിൽ ഒന്നായും നബി(സ) എണ്ണിയിട്ടു് (ബുഖാരി, മുസ്ലിം). ശാരീരിക രോഗങ്ങൾക്കുള്ള മരുന്നാണ് സ്വദഖ (സ്വഹീഹുൽ ജാമിഅ്). ഹൃദയ കാർക്കശ്യത്തെപ്പറ്റി പ്രവാചകനോട് പരാതിപ്പെട്ട അനുചരന്, ഹൃദയനൈർമല്യമാവാൻ അഗതികൾക്കു ആഹാരം നൽകുക, അനാഥയെ തലോടുക എന്നീ ഉപദേശങ്ങളാണ് നബി(സ) നൽകിയത്. അഥവാ മാനസിക രോഗങ്ങൾക്കും സ്വദഖയിലൂടെ പരിഹാരമുന്നെർഥം. പരീക്ഷണത്തെ സ്വദഖ കൊ് അതിജീവിക്കാനും കഴിയും. യഹ്യാ(അ) ഇസ്റാഈല്യർക്കു നൽകിയ ഉപദേശം ഉദാഹരണം: "നിങ്ങൾ ദാനം ചെയ്യുക. അതിന്റെ ഉപമ, ശത്രുക്കൾ ഒരാളെ പിടികൂടി പിരടി വെട്ടാൻ തുനിഞ്ഞപ്പോൾ ഞാൻ എന്റെ ചെറുതും വലുതുമായ സമ്പാദ്യം നിങ്ങൾക്ക് തരാം എന്നവരോട് പറഞ്ഞതു പോലെയാണ്. അപ്പോൾ അവർ അദ്ദേഹത്തെ വിട്ടയക്കുകയുായി" (സ്വഹീഹുൽ ജാമിഅ്). വിശ്വാസി യഥാർഥ പുണ്യം കരസ്ഥമാക്കുന്നതും ദാനധർമത്തിലൂടെയാണ്. നിങ്ങൾക്ക് ഏറ്റം പ്രിയപ്പെട്ടത് ദൈവമാർഗത്തിൽ ചെലവഴിക്കുന്നതു വരെ നിങ്ങൾ പുണ്യം കരസ്ഥമാക്കിയിട്ടില്ല (ഖുർആൻ 3: 92). ചെലവഴിക്കുന്നവർക്കു വേി എല്ലാ ദിവസവും മലക്കുകളുടെ പ്രാർഥനയുാവും. അല്ലാഹുവേ, ദായകന് നീ ഇനിയും വർധിപ്പിച്ചു നൽകുകയും പിശുക്കന് നീ നാശമുാക്കുകയും ചെയ്യേണമേ എന്നാണ് എല്ലാ ദിവസവും ഇറങ്ങിവരുന്ന മലക്കുകൾ പ്രാർഥിക്കുന്നത് (ബുഖാരി, മുസ്ലിം). ദാനധർമം ചെയ്യുന്നവർക്ക് സമ്പത്തിൽ വർധനവേ ഉാവൂ. ദാനധർമം ധനത്തെ കുറക്കുന്നതല്ല (മുസ്ലിം). ദാനം ചെയ്തതു മാത്രമേ ഒരാളുടെ പണത്തിൽനിന്ന് അന്തിമമായി അവശേഷിക്കൂ. നിങ്ങൾ ചെലവഴിക്കുന്നതിലെ പുണ്യം നിങ്ങൾക്കു തന്നെ ഉള്ളതാകുന്നു (ഖുർആൻ 2:272). ഒരു ആടിനെ അറുത്ത് ദാനം നൽകിയ സംഭവത്തിൽ പ്രവാചകൻ(സ) ആഇശ(റ)യോട് ചോദിച്ചു: അതിൽ എന്താണ് ബാക്കിയുള്ളത്? ആഇശ(റ): അതിന്റെ ചുമല് മാത്രമേ ബാക്കിയുള്ളൂ. പ്രവാചകൻ പ്രതിവചിച്ചു: അതിന്റെ ചുമലല്ലാത്ത എല്ലാത്തിന്റെയും പ്രതിഫലം ഉറപ്പായിരിക്കുന്നു (മുസ്ലിം). ദാനം നൽകുന്നവരുടെ പ്രതിഫലം അല്ലാഹു ഇരട്ടിയാക്കി നൽകുന്നതാണ് (ഖുർആൻ 57:18, 2:245). ദാനധർമം ചെയ്യുന്നവർ പ്രത്യേക സ്വദഖാ കവാടത്തിലൂടെയാണ് സ്വർഗത്തിൽ പ്രവേശിക്കുക (ബുഖാരി, മുസ്ലിം). നോമ്പ്, ജനാസയെ അനുഗമിക്കൽ, രോഗസന്ദർശനം, ദാനധർമം ഈ നാല് സ്വഭാവങ്ങളും ഉള്ളവർ സ്വർഗപ്രവേശത്തിന് അർഹരായിരിക്കുമെന്ന് അബൂബക്റി(റ)നെ ഉദാഹരിച്ച് പ്രവാചകൻ പറഞ്ഞിട്ടു് (മുസ്ലിം). ഹൃദയവിശാലതയും മനഃശാന്തിയും സ്വസ്ഥതയും സ്വദഖ മുഖേന ലഭിക്കുന്നതാണ് (ബുഖാരി). പണ്ഡിതനായ സമ്പന്നൻ ദൈവമാർഗത്തിൽ ചെലവഴിക്കുന്നതിന് സവിശേഷസ്ഥാനവും ഇസ്ലാമിലു് (അഹ്മദ്, തിർമിദി). ദൈവമാർഗത്തിൽ പണം ചെലവഴിക്കുമ്പോൾ അല്ലാഹുവോട് ചെയ്ത കരാറാണ് വിശ്വാസി പൂർത്തീകരിക്കുന്നത് (ഖുർആൻ 9:111). വിശ്വാസിയുടെ ആദർശ ദൃഢതയുടെ അടയാളമാണ് ദാനധർമം (മുസ്ലിം). ●